ചങ്ങനാശ്ശേരി-പെരുമ്പുഴക്കടവ്-പൂവംപാലത്തിന്റെയും അനുബന്ധജോലികളുടെയും പ്രവൃത്തി

108 (1836) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2010 മാർച്ചിന് മുൻപ് പണി പൂർത്തിയാക്കാൻ തീരുമാനിച്ചിരുന്ന ചങ്ങനാശ്ശേരി-പെരുമ്പുഴക്കടവ്-പൂവംപാലത്തിന്റെയും അനുബന്ധ ജോലികളുടെയും പ്രവൃത്തി പൂർത്തിയാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിഞ്ഞുവോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലം പണിയോടൊപ്പം ചെയ്ത് തീർക്കേണ്ടിയിരുന്ന പ്രവൃത്തികൾ എന്തെല്ലാം ആയിരുന്നു ; ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ചും വർക്ക് നടക്കുന്ന വേളയിൽ പുരോഗതി സംബന്ധിച്ചും എന്തെല്ലാം പരിശോധനകൾ നടത്തുകയുണ്ടായി ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ആകെ എന്തുതുക വകയിരുത്തിയിരുന്നു ; പ്രസ്തുത തുകയിൽ ഇതുവരെ എന്തുതുക കരാറുകാരന് നൽകുകയുണ്ടായി എന്നിവ വിശദമാക്കുമോ ;

(ഡി) തുക കരാറുകാരന് നൽകുമ്പോൾ ചെയ്ത് തീർക്കേണ്ടിയിരുന്ന ജോലികൾ സംബന്ധിച്ച് എന്തൊക്കെ പരിശോധനകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) പാലം പണിയുടേയും അനുബന്ധ വർക്കുകളുടേയും ഇപ്പോഴത്തെ അവസ്ഥയെന്താണ് ;

(എഫ്) പാലത്തിന്റെയും അനുബന്ധ ജോലികളും അപ്രോച്ച് റോഡും പൂർത്തിയാക്കി എന്നത്തേയ്ക്ക് ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ;

(ജി) പാലം പണിയിലും ഇതോടനുബന്ധിച്ചുള്ള ജോലികളിലും വ്യാപകമായ ക്രമക്കേടുകൾ നടന്നതായുള്ള പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ എന്തുനടപടി സ്വീകരിച്ചു ; ഇതുസംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തി ; ഈ അന്വേഷണങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി-പെരുമ്പുഴക്കടവ്-പൂവംപാലത്തിന്റെ നിർമ്മാണം 12-ാം ധനകാര്യകമ്മീഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 2009 നവംബർ മാസം തുടങ്ങുകയും 2010 മാർച്ച് മാസം പൂർത്തീകരിക്കുകയും ചെയ്തു. അതിനുശേഷം മാർച്ച് അവസാനത്തോടുകൂടി ഗതാഗതത്തിന് തുറന്നുകൊടുത്തു. എന്നാൽ ഏപ്രിൽ 24-ാം തീയതി പാലത്തിന്റെ പടിഞ്ഞാറ് വശത്തെ അപ്രോച്ച് റോഡ് താഴ്ന്നു പോവുകയും തന്മൂലം ഗതാഗത തടസ്സം ഉണ്ടാവുകയും ചെയ്തു. വളരെവേഗംതന്നെ പൂവത്തേക്ക് പുതുതായി ഒരു താല്ക്കാലിക റോഡ് നിർമ്മിക്കുകയും വാഹന ഗതാഗതം പുനരാരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പാലത്തിന്റെ നിർമ്മാണത്തോടുകൂടി ഇരുവശത്തും അപ്രോച്ച് റോഡ്, പെരുമ്പഴക്കടവ് മുതൽ പൂവംപാലം വരെയുള്ള തോടിന്റെ പായൽ മാറ്റി ആവശ്യമുള്ള സ്ഥലത്തെ ചെളി നീക്കം ചെയ്യൽ, 100 മീറ്റർ പുതിയ കൽക്കെട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആവശ്യമായ പരിശോധനകൾ നടത്തിയിട്ടുണ്ട്. നിർമ്മാണ ഘട്ടത്തിൽ ക്വാളിറ്റി കൺട്രോൾ വിംഗ് പരിശോധനകൾ നടത്തിയിരുന്നു.

(സി) പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആകെ 188,20,338 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കരാറുകാരന് 127,76,306 രൂപ 24-2-2010-ൽ നൽകിയിട്ടുണ്ട്. ബാക്കി 67,81,408 രൂപ നൽകുവാനുണ്ട്. അപ്രോച്ച് റോഡ് താഴ്ന്നു പോയതിനാൽ 67,81,408 രൂപ തടഞ്ഞുവച്ചിരിക്കുകയാണ്.

(ഡി) പാർട്ട്-ബിൽ നൽകുന്ന അവസരത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ചെയ്ത ജോലികളുടെ അളവ് എടുക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ അത് പരിശോധിച്ചതിനു ശേഷവും മാത്രമാണ് തുക നൽകിയിട്ടുള്ളത്.

(ഇ) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണികൾ തീർന്നശേഷം അപ്രോച്ച് റോഡ് താഴ്ന്നതുകാരണം വാഹനഗതാഗതം തടസ്സപ്പെട്ടു. ഗതാഗതം പുതിയ ഡീവിയേഷൻ റോഡുവഴി തിരിച്ചുവിടുകയും അപ്രോച്ച് റോഡ് താഴ്ന്നതിന്റെ കാരണം പഠിക്കാൻ എൽ.ബി.എസിനെ ഏൽപ്പിക്കുകയും ചെയ്തു. അതിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ അപ്രോച്ച് റോഡ് ബലപ്പെടുത്തുന്ന പണികൾ നടത്തുന്നതാണ്.

(എഫ്) എൽ.ബി.എസ്. സെന്ററിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇതിന് വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(ജി) റോഡ് താഴ്ന്നതിന്റെ വിശദമായ പഠനം നടത്തുന്നതിന് എൽ.ബി.എസിനെ ഏൽപ്പിച്ചിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ടശ്ശാം കടവ് ബോട്ടുജെട്ടി

109 (1837) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ് ബോട്ടുജെട്ടി നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റ്സ് ആണ് തയ്യാറാക്കിയത് ;

(ബി) ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നറിയിക്കാമോ ;

(ഡി) നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly